**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4345 28.06.2012- ൽ മറുപടിക്ക്**

**ദുരന്ത നിവാരണ അതോറിറ്റി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ജോസഫ് വാഴക്കൻ**<br>**ശ്രീ. വി.ഡി സതീശൻ**<br>**ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. അടൂർ പ്രകാശ്**<br>**(ബഹു. റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന. നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 2007-ലാണ് രൂപീകരിച്ചത്. 2005-ലെ ദുരന്ത നിവാരണ നിയമത്തിൽ (കേന്ദ്രനിയമം) നിഷ്ക്കർഷിച്ചിട്ടുള്ള പ്രകാരം അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് താഴെ പറയുന്ന ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br><br>1. ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കി അത് നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.<br>2. സംസ്ഥാന/ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ ശാക്തീകരണം<br>3. സംസ്ഥാന/ജില്ലാ അടിയന്തിര പ്രതികരണ കേന്ദ്രങ്ങളുടെ ശാക്തീകരണം<br>4. സംസ്ഥാന ദുരന്ത പ്രതികരണ സേനയുടെ രൂപീകരണത്തിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുക.<br>5. ദുരന്ത നിവാരണത്തെപ്പറ്റിയുള്ള ബോധവത്കരണം.<br>6. ദുരന്ത നിവാരണ ലഘൂകരണത്തിന്റെ മുഖ്യധാരാവല്ക്കരണം.<br>7. സാമൂഹ്യാധിഷ്ഠിത ദുരന്ത നിവാരണ പദ്ധതികൾ വില്ലേജ് തലത്തിൽ നടപ്പിലാക്കുക. |
| (ബി) | ഇതിനായി ഒരു പദ്ധതിക്ക് രൂപം നൽകി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; | (ബി) | ഇതിനായി സംസ്ഥാന സർക്കാർ മേൽ വിവരിച്ച ഘടകങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് 1476.3 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ എന്തെല്ലാം നടപടികൾ ഇതിനോടകം എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ